# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഊരകം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.27/2134/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 31/10/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഊരകം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഊരകം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഊരകം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.27/2134/2023 തീയ്യതി: 31/10/2023

## മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-09-2022 മുതൽ 05-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 18-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-09-2023 | 18-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൾ സത്താർ .സി.പി,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.മുഹമ്മദ് ഫസലുറഹ്മാൻ.എം,അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.യൂസുഫ്.പി,അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീമതി.ഹസീന.സി,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സയ്യിദ് അബ്ദുള്ള മൻസൂർ തങ്ങൾ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.മുഹമ്മദ് ഷൗക്കത്ത്.ടി | സെക്രട്ടറി | 01-04-2022 | 17-09-2022 |
| ശ്രീ.വിവേകാനന്ദൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-09-2022 | 28-09-2022 |
| ശ്രീമതി.നിസ്സി ജോൺ.സി.വൈ | സെക്രട്ടറി | 29-09-2022 | 31-03-2023 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വിവേകാനന്ദൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 30-09-2022 |
| ശ്രീമതി.അഞ്ജന .വി.ബി. | അസിസ്റ്റന്റ് സെക്രട്ടറി | 03-11-2022 | 31-03-2023 |
| ശ്രീമതി.മെഹറുന്നീസ. | കൃഷി ഓഫീസർ | 01-04-2022 | 06-08-2022 |
| ശ്രീമതി.ലീന.പി | കൃഷി ഓഫീസർ | 07-08-2022 | 31-03-2023 |
| ശ്രീ.അജ്മൽ.സി.എച്ച് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.അനൂപ്.പി.പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.ഉഷ.എ | മെഡിക്കൽ ഓഫീസർ (പി എച് സി) | 01-04-2022 | 31-03-2023 |
| ഡോ.ജാബിർ പൂളക്കണ്ടൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി.ജിഷ.പിജി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 25-12-2022 |
| ശ്രീമതി.ബിന്ദു. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 26-12-2022 | 13-01-2023 |
| ശ്രീമതി.ജംഷിദ ബേബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14-01-2023 | 31-03-2023 |
| ശ്രീ.സരിൻ.ഒ.എസ് | വി ഇ ഒ | 01-04-2022 | 11-11-2022 |
| ശ്രീ.ശരത്.കെ.ആർ | വി ഇ ഒ | 12-11-2022 | 31-03-2023 |
| ശ്രീമതി.നിത.ടി.ഇ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ.അനിൽകുമാർ.കെ.ആർ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഹരിപ്രിയ.എം.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-10-2022 | 02-11-2022 |
| ശ്രീ. നസീം അബ്ദുറഹിമാൻ. വി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല. | 1-1-3 |
| 5 | ഗ്രാന്റ് ഇന ചെലവ് വാർഷിക കണക്ക്, എ സി ആർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | PDE ഫയലുകൾ ലഭ്യമാക്കിയില്ല. | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-3 |
| 9 | സാമ്പത്തിക വിശകലനം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പെൻഷൻ | 1-7 |
| 13 | ക്യാഷ് വെരിഫിക്കേഷൻ. | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം. | 1-11 |
| 17 | തനത് വരുമാനം സംബന്ധിച്ച അവലോകനം. | 1-12 |
| 18 | തൊഴിൽ നികുതി -അപാകതകൾ | 1-13 |
| 19 | മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു. | 1-14 |
| 20 | ഹരിതകർമ്മസേന – പ്രവർത്തനാവലോകനം | 1-15 |
| 21 | ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനം - നടപടി സ്വീകരിച്ചിട്ടില്ല. | 1-16 |
| 22 | അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-17 |
| 23 | സർക്കാർ ഉത്തരവ് പാലിക്കാതെ അക്രഡിറ്റഡ് ഏജൻസി മുഖേന പ്രവൃത്തി നടപ്പാക്കി. | 1-18 |
| 24 | ബഡ്സ് സ്കൂൾ - വാഹന ഡ്രൈവർക്ക് അധിക വേതനം നൽകി | 1-19 |
| 25 | സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി കൃഷി നടീൽ ഉൽപന്നങ്ങൾ വാങ്ങി | 1-20 |
| 26 | സർക്കാർ ഉത്തരവ് പാലിക്കാതെ SIDCO യിൽ നിന്നു സാധനങ്ങൾ വാങ്ങി | 1-21 |
| 27 | കമ്പ്യൂട്ടർ വാങ്ങൽ-സ്റ്റോക്കിലെടുത്ത വിവരം രേഖപ്പെടുത്തിയില്ല. | 1-22 |

| | | |
|---|---|---|
| 28 | പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം | 1-23 |
| 29 | ക്യാഷ് ബുക്ക് - പൊതു അപാകതകൾ | 1-24 |
| 30 | റോഡ് കണക്ടിവിറ്റി മാപ്പ് - പ്രവർത്തനം പൂർത്തീകരിച്ചില്ല | 1-25 |
| 31 | ഹാർഡ് റോക്ക് എസ്കവേഷൻ - പൊളിച്ചെടുത്ത പാറ ഉപയോഗപ്പെടുത്തിയിട്ടില്ല | 1-26 |
| 32 | ചീഫ് എഞ്ചിനിയറുടെ നിർദ്ദേശത്തിന് വിരുദ്ധമായി എസ്റ്റിമേറ്റ് തയ്യാറാക്കി | 1-27 |
| 33 | ഡ്രൈവറുടെ യാത്രാബത്ത- അധികം നൽകി | 1-28 |
| 34 | ഹോമിയോ മരുന്ന വാങ്ങൽ-മുഴുവൻ തുകയ്ക്കുമുള്ള മരുന്ന ലഭിച്ചിട്ടില്ല. | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ബഡ്സ് സ്കൂൾ - വാഹന ഡ്രൈവർക്ക് അധിക വേതനം നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അകൗണ്ട്സ് )ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ് ,ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് ഊരകം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12.7.2023 ലെ 2(1) തീരുമാന പ്രകാരം തയ്യാറാക്കി 12-07-2023 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള ഊരകം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം& എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, ഊരകം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: മലപ്പുറം

തീയതി: 31-10-2023

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalance ‘ ആയി രേഖപ്പെടുത്തിയ തുകയും(9157438) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ‘ (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (5177970)തുല്യമല്ല.

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-4 ഗ്രാന്റ് ഇന ചെലവ് വാർഷിക കണക്ക്, എ സി ആർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

ഗ്രാമ പഞ്ചായത്ത് ഹാജരാക്കിയ വാർഷിക കണക്ക്,എ.സി.ആർ,ഗ്രാന്റ് പത്രിക എന്നിവ പ്രകാരമുള്ള ചെലവുകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല.വിശദവിവരം ചുവടെ

| ഇനം | ചെലവ് | | |
|---|---|---|---|
| | വാർഷിക | എ.സി.ആർ | ഗ്രാന്റ് |

| | കണക്ക് പ്രകാരം | പ്രകാരം | പത്രിക പ്രകാരം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 18972962 | 16915656 | 19054290 |
| വികസനഫണ്ട് (എസ്.സി.പി) | 4030000 | 3330363 | 4030000 |
| മെയിന്റനൻസ് ഫണ്ട് , റോഡ് | 6977082 | 7339682 | 6977082 |

## 1-1-5 PDE ഫയലുകൾ ലഭ്യമാക്കിയില്ല.

സാംഖ്യയിൽ നിന്നും ILGMS ലേക്ക് മാറിയതിന്റെ PDE (Past Data Entry) ഫയലുകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത് ) തീരുമാന നമ്പർ./തിയ്യതി |
|---|---|
| 1 (1) , 24/03/2022 | 20 (1) , 06/03/2023 |

## 1-3 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16915656 | 16915656 | 16915656 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3330363 | 3330363 | 3330363 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 12009000 | 12009000 | 7339682 | 4669318 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4943000 | 4943000 | 4217481 | 725519 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 4571000 | 5868861 | 10439861 | 3994001 | 6445860 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 1310411 | 3178582 | 4488993 | 3274033 | -9543 |

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 31735192 |
| വരവ് | 133086622 |
| ആകെ | 164821814 |
| ചെലവ് | 123929184 |

| | |
|---|---|
| നീക്കിയിരിപ്പ് | 40892630 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 225 | 130263310 | 127 | 68327042 | 98 | - | 77.17 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 491615 | 491615 | 491615 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 6663272 | 6663272 | 6663272 | 0 |

## 1-7 ക്ഷേമ പെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | |
| കർഷകതൊഴിലാളി വേതനം | 1204200 | 98 |
| വിധവാപെൻഷൻ | 9456000 | 846 |
| വാർദ്ധക്യകാലപെൻഷൻ | 19748000 | 1778 |
| വികലാംഗപെൻഷൻ | 3963200 | 359 |
| വിവാഹ ധനസഹായം | 120000 | 4 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 152000 | 14 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.09.2023 ന് 3.00 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 14282/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി) പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്റർ പൂർണ്ണമാക്കി രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. ആയത് പാലിച്ചിട്ടില്ല.

2.പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്കൂളുകളുടെയും ഫിറ്റ്നസ് പരിശോധിച്ചിട്ടില്ല

3.ജി.ഒ. (എം.എസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. എന്നാൽ നിർവഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ ഫയലിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

4.നിക്ഷേപ പ്രവൃത്തികൾ-രജിസ്റ്ററിൽ പൂർണ്ണ വിവരം ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| | തിയ്യതി | | |
| പെർഫോമൻസ് ഓഡിറ്റ് | 22/06/22-23/06/22 | 04/22-05/22 | 23/06/22 |
| എ.ജി ഓഡിറ്റ് | 08/03/2010 മുതൽ 20/03/2010 വരെ | 2004-05 മുതൽ 2008-09 വരെ | 24/03/2010 |

## 1-11 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്തു വരുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കിഴിച്ച് ബാക്കി തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള അതാതു വർഷത്തെ പദ്ധതി വിവരം, മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകൾ, മുൻകൂർ രജിസ്റ്റർ, തുടർനടപടി ഫയൽ/പുനരഭിപ്രായക്കുറിപ്പ് പരിശോധിച്ചതിൽ 12, 13 പഞ്ചവത്സര പദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്തു താഴെ പട്ടികപ്പെടുത്തിയ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണപത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായതായി കാണുന്നില്ല. 2021-22 വർഷത്തെ മുൻകൂർ രജിസ്റ്റർ, ബാലൻസ് ഷീറ്റ് എന്നിവ പ്രകാരം ബാലൻസ് ഇല്ലെങ്കിലും പട്ടിക പ്രകാരമുള്ള ഡെപ്പോസിറ്റുകളുടെ വിവരം ബന്ധപ്പെട്ട വർഷത്തെ മുൻകൂർ രജിസ്റ്ററിൽ ക്രമീകരണ വിവരം ഉൾപ്പെടെ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക |
|---|---|---|---|---|
| 1 | 195/15,സ്ട്രീറ്റ് ലൈറ്റ് സൂപ്പർ വിഷൻ ചാർജ് കെ.എസ്.ഇ.ബി. ക്ക് അടവാക്കൽ | 2014-15 | KSEB | 21000 |
| 2 | 199/15,പെരിയത്തൊടി കുടിവെള്ള പദ്ധതി ത്രീ ഫേസ് ലൈൻ | 2014-15 | KSEB | 73751 |
| 3 | 201/15,കുന്നത്ത് മേലാത്ര വൈദ്യാർ ഭാഗത്തേക്ക് വൈദ്യുതി ലൈൻ നീട്ടൽ | 2014-15 | KSEB | 47141 |
| 4 | 202/15,ആയുർവേദ ആശുപത്രി വൈദ്യുതീകരണം | 2014-15 | KSEB | 11500 |
| 5 | 182/16വിവിധ അംഗനവാടികളുടെ വൈദ്യുതീകരണം | 2015-16 | KSEB | 98715 |
| 6 | 85/17,ഷീ പാഡ് | 2016-17 | കേരളാ സ്റ്റേറ്റ് വനിതാ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 180000 |
| 7 | 192/18 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2017-18 | KSEB | 1331375 |
| 8 | പ്രൊജക്ട് നമ്പർ 18/19, GLPS കീഴ്മുറി കുറ്റാളൂർ 3 ഫേസ് കണക്ഷൻ | 2018-19 | KSEB | 31267 |
| | ആകെ | | | 1794749 |

പട്ടിക പ്രകാരമുള്ള ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രം , പ്രവൃത്തി പൂർത്തീകരണ പത്രം എന്നിവ ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 01/13-9-23) നൽകി. ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വിവരം

ശേഖരിച്ച് അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മുൻക്കൂർ രജിസ്റ്ററിൽ കൃത്യമായ എൻട്രികൾ ചേർത്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-12 തനത് വരുമാനം സംബന്ധിച്ച അവലോകനം.

തനത് വരുമാനം സംബന്ധിച്ച അവലോകനം.

തനതു വരുമാനം-ഊരകം ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ് , ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. 2022-23 വർഷത്തെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ 17മീറ്റിംഗുകൾ കൂടിയിട്ടുണ്ടെങ്കിലും പൊളിച്ച കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാന അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ വിഭവസ്രോതസുകളെക്കുറിച്ച് കമ്മിറ്റി ചർച്ച ചെയ്തിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാറും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല. 22-23 വർഷത്തെ വസ്തു നികുതി 100% പിരിക്കുന്നതിനു വേണ്ടി നികുതി പിരിവ് ക്യാമ്പുകൾ 23.12.22മുതൽ 12.01.23വരെ സംഘടിപ്പിച്ചുണ്ട്.

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഊരകം ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 08.05.23ലെ പഞ്ചായത്ത് ഭരണസമിതി യോഗം 21(1) നമ്പർ തീരുമാന പ്രകാരം 06.08.2023 ന് പരസ്യപ്പെടുത്തിയിട്ടുണ്ട്.

3). 08.05.23ലെ പഞ്ചായത്ത് ഭരണസമിതി യോഗം 21(2) നമ്പർ തീരുമാന പ്രകാരം മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസും (കരട്) പരസ്യപ്പെടുത്തിയിട്ടുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ മുമ്പ് നിശ്ചയിച്ച മേഖലകൾ അതേപടി നിലനിർത്തുകയാണ് ചെയ്തിട്ടുള്ളത്. ഈ കാലയളവിൽ പ്രദേശങ്ങൾക്ക് വന്ന മാറ്റങ്ങൾ മേഖല തരംതിരിവിലും വഴി സൗകര്യത്തിന്റെ അടിസ്ഥനത്തിലുള്ള തരംതിരുവിലും_പരിഗണിച്ചതായി സെക്ഷൻ അറിയിച്ചു. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിലെ റോഡുകളുടെ തരം നിശ്ചയിച്ചതിന് റോഡ് മാപ്പ് പരിശോധിച്ചതിന്റെ വിവരങ്ങളില്ല.

4). പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പുറപ്പെടുവിച്ചിട്ടില്ല.

5). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 498 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ വിവര ശേഖരണത്തിനായി ഇത്തരത്തിലുള്ള നിയമനം നടത്തുന്നതിനായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുകയോ ഓഡിറ്റ് തിയതി വരെ നിയമനം നടത്തുകയോ നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207 ാം വകുപ്പ് (1) ാം ഉപ വകുപ്പ് പ്രകാരം സേവന ഉപ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം,ജലവിതരണം തെരുവ് വിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന സേവവന ഉപ നികുതി ചുമത്താവുന്നതാണ്. 08.05.23ലെ പഞ്ചായത്ത് ഭരണസമിതി യോഗം 21(4) നമ്പർ തീരുമാന പ്രകാരം വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം(3%), ശുചിത്വ പരിപാലനം(4%), തെരുവു വിളക്കുകൾ(2%) എന്നീ സേവനങ്ങൾക്കായി വസ്തുനികുതിയുടെ 9% സേവന ഉപനികുതിയീടാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1). 2022-23 വർഷത്തേക്കുള്ള റിവൈസ്ഡ് ബജറ്റ് പ്രകാരം തൊഴിൽ നികുതിയിനത്തിൽ 25,00,000 രൂപ പ്രതീക്ഷിത വരുമാനമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ AFS പ്രകാരം 1863580/- രൂപയുടെ വരവ് ലഭ്യമായിട്ടുണ്ട്. ബജറ്റും യഥാർത്ഥ വരവുകളുമായുള്ള അന്തരം സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.

2). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ ഇല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

3). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ നിലവിൽ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

4). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല

മറ്റിനങ്ങൾ

ട്യൂട്ടോറിയൽ/ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ വരവുകൾ ഉണ്ടെങ്കിലും ഡിമാന്റ് രജിസ്റ്ററിൽ നിന്നും ഗ്രമാപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം മുഴവൻ സ്ഥാപനങ്ങളുടെയും ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവ് പൂർണ്ണമാണോ എന്ന് ഉറപ്പുവരുത്താനായിട്ടില്ല.

പഞ്ചായത്തിന്റെ ആസ്തി പരിശോധിച്ച് കുളങ്ങൾ, മാർക്കറ്റുകൾ, ഫലവൃക്ഷങ്ങൾ, കാലഹരണപ്പെട്ട ആസ്തികൾ എന്നിവയുടെ ലേലം യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ. 21/16.09.23)

## 1-13 തൊഴിൽ നികുതി -അപാകതകൾ

2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പരിശോധനയുമായി ബന്ധപ്പെട്ട പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. മിക്ക സ്ഥാപനങ്ങളിലെയും ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
2. തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളുടെയും ഒന്ന് ,രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിലുടമകൾ സമർപ്പിച്ച ഫോറം II പ്രകാരമുള്ള റിട്ടേണുകൾ നമ്പരിട്ട് സൂക്ഷിച്ചിട്ടില്ല.
3. രജിസ്റ്റർ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ , ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
4. സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാത്തതിനാൽ AFS പ്രകാരം ഈ ഇനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

രജിസ്റ്റർ പൂർത്തീകരിച്ച് പരിശോധനയ്ക്കായി ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/16-09-2023) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് രജിസ്റ്റർ പൂർത്തിയാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-14 മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു.

പദ്ധതി നം. 3/23-പരിരക്ഷ പദ്ധതി

അടങ്കൽ - 11,15,050/-(വികസന ഫണ്ട് ജനറൽ-465050,

ബ്ലോക്ക് പഞ്ചായത്ത് വിഹിതം-6,00,000

തനത് ഫണ്ട്-50000)

ചെലവ് -9,79,394
നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

വിവിധ ബില്ലുകൾ പ്രകാരം ചെലവ് ചെയ്ത ആകെ 9,79,394/- രൂപയിൽ, PRF3118/21.12.22 ന്റെ അടിസ്ഥാനത്തിൽ ബിൽ നം - BRN2215205200120094802 8/23.12.2022 പ്രകാരം 4,62,169 രൂപ KMSCL ന്റെ 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് അനവദിച്ചിട്ടുണ്ട്. വിവിധ ഇൻവോയ്സുകൾ പ്രകാരം ആകെ 271097/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായി സ്റ്റോക്കിലെടുത്തത്. 191072/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാനവശേഷിക്കുന്നുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|
| ഇൻവോയ്സ് നമ്പർ/ തിയ്യതി | തുക |
| 1159/24.04.2023 | 55121 |
| 7084/1.06.2023 | 17071 |
| 4641/20.05.2023 | 75264 |
| 10106/21.06.2023 | 31414 |
| 9955/20.06.2023 | 92227 |
| ആകെ | 271097 |

ലഭ്യമാക്കാനവശേഷിക്കുന്ന 191072/- തുകക്കുള്ള മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. എൻക്വയറി നമ്പർ. 13/14-09-2023 ന് മറുപടി ലഭ്യമാക്കിയതിൽ മരുന്നുകൾ ലഭ്യമാക്കി റിപ്പോർട്ട് ചെയ്യുമെന്ന് അറിയിച്ചിട്ടുണ്ട്.

## 1-15 ഹരിതകർമ്മസേന – പ്രവർത്തനാവലോകനം

I. ആമുഖം

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമപ്പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് മാലിന്യ സംസ്കരണം. ജൈവ , അജൈവ മാലിന്യങ്ങൾ, ഖര, ദ്രവ, വാതക മാലിന്യങ്ങൾ എന്നിങ്ങനെ വിവിധ തരം മാലിന്യങ്ങൾ ഉണ്ടെങ്കിലും ഊരകം ഗ്രാമപ്പഞ്ചായത്തിന്റെ നിലവിലെ സ്ഥിതി പരിഗണിക്കുമ്പോൾ ദ്രവ, വാതക മാലിന്യങ്ങൾ ഗൗരവതരമായ ഒരു പ്രശ്നമല്ല.

നിലവിലെ അവസ്ഥയിൽ ജൈവ, അജൈവ ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ആണ് പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധപതിയേണ്ടത്. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഉറവിട മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളാണ് പഞ്ചായത്ത് നടപ്പിലാക്കി വരുന്നത്. ഗ്രാമ പ്രദേശമായതിനാൽ ഉറവിട ജൈവ മാലിന്യ സംസ്കരണം ഏറക്കുറെ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നുമുണ്ട്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങളുടെ സംസ്കരണമാണ് നിലവിൽ ഗ്രാമപ്പഞ്ചായത്ത് നേരിടുന്ന ഗൗരവമായ വെല്ലുവിളി.

സംസ്ഥാനത്തിന്റ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി അജൈവ മാലിന്യ നിർമാർജ്ജനം ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ഹരിത കേരള മിഷൻ, കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിനിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017 /ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

ഊരകം ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ 2022-23 വരെയുള്ള പ്രവർത്തനം പരിശോധിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

II.ഹരിത കർമ്മസേന – അടിസ്ഥാന വിവരങ്ങൾ .

- 2019 ലാണ് ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത്. നിലവിൽ 18അംഗങ്ങളാണ് ഹരിത കർമ്മസേനയിൽ ഉള്ളത്. 17 വാർഡുകൾ ഉള്ള ഗ്രാമ പഞ്ചായത്തിൽ ഓരോ വാർഡിലേക്കും 2/3 അംഗങ്ങൾ വീതം മാലിന്യ ശേഖരണം നടത്തുന്ന രീതിയാണ് നിലവിലുള്ളത്.
- വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയുമാണ് യൂസർ ഫീ നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ 3340 വീടുകൾ, 310 കടകൾ എന്നിവ ഹരിത കർമ്മസേനയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.
- ഹരിത കർമ്മസേന അംഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട്, സെക്രട്ടറി, എന്നിവരുടെ നേതൃത്വത്തിലാണ് ഹരിതകർമ്മസേന പ്രവർത്തനങ്ങൾ നടത്തുന്നത്. കനറാ ബാങ്ക് വേങ്ങര ശാഖയിലെ 4691101008655 നമ്പർ അക്കൗണ്ടിലൂടെയാണ് സാമ്പത്തിക ഇടപാടുകൾ നടത്തിവരുന്നത്.
- ഹരിത കർമ്മസേനയുടെ പ്രധാന വരുമാന മാർഗ്ഗം യൂസർഫീ , സ്ക്രാപ്പ് സെയിൽസ് എന്നിവയാണ്.
- ഊരകം ഗ്രാമപ്പഞ്ചായത്തിന്റെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് അന്തിമ ബൈലോ 21.10.2022 ലെ 2(01) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് ഭരണ സമിതി അംഗീകരിക്കുകയും സർക്കാർ അംഗീകാരത്തിനായി നൽകുകയും ചെയ്തിട്ടുണ്ട്.
- III.അടിസ്ഥാന സൗകര്യങ്ങൾ
- ഹരിത കർമ്മസേന പ്രവർത്തനം സംബന്ധിച്ച സർക്കാർ ഉത്തരവ് പ്രകാരം അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണം വേണം) തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ 1000 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണമുള്ള എം.സി.എഫുകൾ നിർമ്മിക്കുകയോ വാടകക്ക് ഏർപ്പെടുത്തിയിരിക്കുകയോ വേണം. ( 12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ )

ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ തരം തിരിക്കുന്നതിന് സർക്കാർ നിർദ്ദേശ പ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. നിലവിൽ പഞ്ചായത്ത് തലത്തിൽ ഒരു എം സി എഫ് ആണ് ഉള്ളത്. എം സി എഫിൽ വൈദ്യുതി , അത്യാവശ്യത്തിനുള്ള ഫർണിച്ചറുകൾ എന്നിവയൊന്നും ഇല്ല. ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ എം.സി.എഫ് കളിൽ എത്തിക്കുന്നതിന് വാഹനം വാടകക്ക് വിളിക്കുകയാണ് ചെയ്തു വരുന്നത്.

IV.പ്രവർത്തനങ്ങൾ

I) മാലിന്യ ശേഖരണം / കയ്യൊഴിക്കൽ

ഹരിത കർമ്മസേനയിലെ രണ്ട് / മൂന്ന് അംഗങ്ങൾ വീതം ചേർന്നാണ് ഓരോ വാർഡിൽ നിന്ന് അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നത്. ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ വാഹനത്തിൽ MCF ലേക്ക് എത്തിക്കുകയും അവിടെ വച്ച് തരം തിരിച്ച് വില്പന നടത്താവുന്നവ വില്പന നടത്തുകയും മറ്റുള്ളവ റിജക്ടഡ് വേസ്റ്റ് കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് നൽകി കൈയ്യൊഴിക്കുകയുമാണ് ചെയ്യുന്നത്.

മാലിന്യങ്ങൾ MCF കളിലേക്ക് എത്തിക്കുന്നതിന് ഹരിത കർമ്മസേനക്ക് ക്വട്ടേഷൻ നടപടികളിലൂടെ വാഹനം വാടകക്ക് എടുക്കുകയാണ് ചെയ്തിട്ടുള്ളത്. കിലോമീറ്ററിന് 20 രൂപ നിരക്കിലാണ് വാഹന വാടക കണക്കാക്കിയിട്ടുള്ളത്.

എംസി.എഫിലേക്ക് എത്തിക്കുന്ന അജൈവ മാലിന്യങ്ങളുടെ തരം തിരിച്ചുള്ള അളവ് രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സ്ക്രാപ്പ് വിൽക്കുന്ന വിവരം 01/2023 മുതൽ ഒരു നോട്ട്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

റിജക്ടഡ് വേസ്റ്റ് കൈയൊഴിയാൻ 2,00,640/-രൂപ പഞ്ചായത്ത് GREEN WORMS ECO SOLUTIONS ന നൽകിയിട്ടുണ്ട്. സ്ഥാപനം നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറുന്നത്.എന്നാൽ മാലിന്യം തരം തിരിച്ച വിവരം വ്യക്തമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ വരവ് ചെലവ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

Ii) യൂസർ ഫീ കളക്ഷൻ

അജൈവ മാലിന്യം ശേഖരിക്കുന്നതിന് ഗുണഭോക്താക്കളിൽ നിന്ന് യൂസർ ഫീ കളക്ട് ചെയ്യുന്നതിന് രസീത് നൽകുന്നുണ്ട് എങ്കിലും കടകൾക്കും വീടുകൾക്കും ഓരേ രശീതിയാണ് ഉപയോഗിക്കുന്നത്. രശീതി ബുക്കുകൾക്ക് ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

V) വരുമാന മാർഗ്ഗങ്ങൾ

യൂസർ ഫീ, സ്ക്രാപ്പ് വില്പന എന്നീ ഇനങ്ങളിൽ ലഭിക്കുന്ന വരവ് മാത്രമാണ് പഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ വരുമാന മാർഗ്ഗങ്ങൾ. സാധാരണ വരുമാന മാർഗ്ഗങ്ങളായ യൂസർഫീ, സ്ക്രാപ്പ് വില്പന വരവ് എന്നിവയ്ക്ക് പുറമെ ഹരിത കർമ്മസേനയുടെ വരുമാന മാർഗ്ഗങ്ങളായി നടപ്പിലാക്കാവുന്ന വിവിധ പ്രവർത്തനങ്ങൾ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മാലിന്യ ശേഖരണം എന്നതിലുപരി ഇതിനെ ഒരു സംരംഭമായി വളർത്തി മാന്യമായ തൊഴിൽ മേഖലയാക്കി മാറ്റുന്നതിന് സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പരിഗണിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതുണ്ട്.

VI)ചെലവിന്റെ വിവരം

2022-23 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് ഫണ്ട് ചെലഴിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ചെലവ് | കുറിപ്പ് |
|---|---|---|
| 43/23 ഹരിത കർമ്മസേനക്കു വാഹന വാടക നൽകൽ (Spill Over Project) | 69550 | വാഹന വാടക – 69550 |
| 162/23<br>ഹരിത കർമ്മസേനക്കു വാഹന വാടക നൽകൽ | 373340 | വാഹന വാടക – 1,72,700<br>റിജക്റ്റഡ് വേസ്റ്റ് ഡിസ്പോസൽ - 2,00,640 |

VII)രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് .

ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല.

VIII)ശുപാർശകൾ.

1. ഹരിത കർമ്മസേനയുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങളുള്ള MCF , മിനി എം സി എഫ് , അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കുക.
2. ഹരിത കർമ്മ സേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉത്തരവിൽ പരാമർശിച്ച പ്രവർത്തനങ്ങളിൽ അനുയോജ്യമായവ ഹരിത കർമ്മസേന മുഖേന നടപ്പിലാക്കുക.
3.ഹരിത കർമ്മ സേനയുടെ പ്രവർത്തനം സർക്കാർ നിർദ്ദേശപ്രകാരം സുഗമമായും സുതാര്യമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
4. വാഹനം ഓടിക്കുന്നതിന് ഹരിതകർമ്മ സേന അംഗങ്ങളെ പര്യാപ്തമാക്കി ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
5. മാലിന്യസംസ്കരണത്തിന് പൊതു ജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനും, മാലിന്യത്തിന്റെ അളവ് കുറക്കുന്നതിനും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക .

മേൽ വിവരം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ( 17/ 15.09.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനം - നടപടി സ്വീകരിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.16 ലെ792455/ഇ.ഡബ്ല്യു3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രീ പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ്/ നോൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും കൈവരിക്കേണ്ടതാണ് എന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ/സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേധാവി നടപടി സ്വീകരിച്ച് ഉറപ്പാക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപ്പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കുവരുത്തിയ താഴെ പരാമർശിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്ന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിട്ടില്ല.

. ജവഹർ നവോദയ, ഊരകം

. ഐഡിയൽ മോണ്ടിസോറി സ്കൂൾ, വേങ്ങര

. അൽ ഇഹ്സാൻ ഇംഗ്ലീഷ് സ്കൂൾ, വേങ്ങര

ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്നതിന് മേൽ പരാമർശിക്കപ്പെട്ട സ്ഥാപനങ്ങൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്

എങ്കിൽ ആയതിന്റെ രേഖകളും, ഇല്ല എങ്കിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചും വിവരം അറിയിക്കേണ്ടതാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(20/16-9-2023 ) മേൽ സ്ഥാപനങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

## 1-17 അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികപ്പെടുത്തിയ ചെലവുകൾ സംബന്ധിച്ച അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്ര.നം. | ചെലവ് വിവരം | ബിൽ/ചെക്ക് നം.തീയതി | തുക | റിമർക്സ് |
|---|---|---|---|---|
| 1 | പ്രൊ.34/23, നിലാവ് പദ്ധതി-സ്ട്രീറ്റ് ലൈൻ കൺട്രോൾ യൂണിറ്റ് സ്ഥാപിക്കൽ (തനത് ഫണ്ട്) | XY-6784510/ 4.7.22 | 4,00,000 | KSEBഇലക്ട്രിക്കൽ സെക്ഷൻ ഊരകത്തിന് മുൻകൂർ നൽകി. പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. |
| 2 | പ്രൊ.237/23 ഗ്രാമ പഞ്ചായത്തിലേയ്ക്ക് കമ്പ്യൂട്ടറും ഉപകരണങ്ങളും വാങ്ങൽ (തനത് ഫണ്ട്) | XY-6784546/ 14.3.23 | 2,26,198 | പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ഐ.ടി.മിഷന് നൽകി. ടാക്സ് ഇൻവോയ്സ്, സ്റ്റോക്ക് വിവരം ലഭ്യമാക്കിയിട്ടില്ല |
| 3 | OKനഗർ അംഗണവാടി-ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (തനത് ഫണ്ട്) | XY-698310/ 22.8.22 | 7,908 | KSEBഇലക്ട്രിക്കൽ സെക്ഷൻ ഊരകത്തിന് മുൻകൂർ നൽകി. പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. |
| 4 | പ്രൊ.74/23, SSA വിഹിതം നൽകൽ (വികസന ഫണ്ട് ജനറൽ) | 22152052000600481153/ 30.8.22 | 10,00,000 | SSKക്ക് നൽകി. UC ലഭ്യമാക്കിയിട്ടില്ല |
| 5 | പ്രൊ.243/23,തെരുവ് വിളക്ക് സ്ഥാപിക്കൽ (തനത് ഫണ്ട്) | 590979/ 31.3.23 | 8,06,000 | ടാക്സ് ഇൻവോയ്സ് പ്രകാരം IT, GST കിഴിച്ച് സധനങ്ങളുടെ വില7,76,218 രൂപ യുണൈറ്റഡ് ഇലക്ട്രിക്കൽസ് കൊല്ലത്തിന് നൽകി.ഇൻസ്റ്റലേഷൻ വിവരം ലഭ്യമാക്കിയിട്ടില്ല |
| | ആകെ | | 24,40,106 | |

രേഖകൾ ഹാജരാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.24/18-9-23) നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ 24,40,106 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-18 സർക്കാർ ഉത്തരവ് പാലിക്കാതെ അക്രഡിറ്റഡ് ഏജൻസി മുഖേന പ്രവൃത്തി നടപ്പാക്കി.

അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ GO(P) 67/2021/Fin Dt

28.04.2021 ഉത്തരവ് പ്രകാരം അംഗീകരിച്ചതാണ്.

ICDSസൂപ്പർവസർ നിർവഹണോദ്യോഗസ്ഥയായി പ്രൊജക്റ്റ് 181/23,അംഗണവാടികൾ സ്മാർട്ട് ആക്കൽ പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയായ ATCO മുഖേനയാണ് നടപ്പാക്കിയിട്ടുള്ളത്.

അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ച് GO(P)77/2019 /Fin Dt04.07.2019 Or GO(P) 104/2022/fin Dt 02.09.2022 പ്രകാരം ATCOയെ ഇന്റീരിയർ വർക്ക്സ് ഇനം പ്രവൃത്തി നടത്തുന്നതിനാണ് അക്രഡിറ്റേഷൻ നൽകിയത്.

പ്രവൃത്തി നടത്തിപ്പ് പരിശോധിച്ചതിൽ, മേൽ പരാമർശിച്ച സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പ്രവൃത്തി നടപ്പാക്കിയത് എന്ന് വ്യക്തമായി.

കുട്ടികൾക്കുള്ള ചെയർ, ടീച്ചിംഗ് എയ്ഡ് ആർട്ട് ബോർഡ്, കളിയുപകരണങ്ങൾ, അംഗണവാടി പെയിന്റിംഗ് മുതലായ പർച്ചേസ് കം പ്രവൃത്തിയാണ് നടത്തിയിട്ടുള്ളത്.

ചെലവ് വിവരം:

ചെക്ക് നമ്പർ: JM-5865888/24.3.23 : 5,00,000/- (തനത് ഫണ്ട്)

നടത്തിപ്പ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

1.പ്രവൃത്തിക്ക് ബാധകമായ ഷെഡ്യൂൾ നിരക്ക്, കോസ്റ്റ് ഇൻഡക്സ് എന്നിവക്കനുസരിച്ച് പ്രൈസ് സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. പ്രവൃത്തി നടത്തി ചെലവ് നടത്തിയത് കാഷ് ബിൽ പ്രകാരമാണ്.

2.പ്രൊജക്റ്റ് പ്രകാരം അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കുന്നതിന് വിഭാവനം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തെങ്കിലും 3 ക്വട്ടേഷനുകൾ വാങ്ങി ഫയലിൽ സൂക്ഷിച്ചിരിക്കുന്നു.

3. അംഗണവാടി പെയിന്റിംഗ് മാത്രമാണ് 'വർക്ക്' ആയി വരുന്നത്. മറ്റുള്ളത് പർച്ചേസ് മാത്രമാണ്. പർച്ചേസിന് ARTCO ക്ക് നൽകിയ ഉത്തരവ് പ്രകാരമുള്ള ഇനങ്ങൾ മാത്രം വാങ്ങുന്നതിനാണ് അനുമതിയുള്ളത്. സർക്കാർ ഉത്തരവ് പ്രകാരമുള്ള ഇനങ്ങളാണ് വാങ്ങിയതെന്ന് ഉറപ്പാക്കിയിട്ടില്ല. വർക്ക് ഘടകത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി ബിഡ്ഡിംഗ് നടത്തിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 25 /18-9-23) നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ സംബന്ധിച്ച് വ്യക്തമായ വിശദീകരണം ലഭ്യമാക്കുന്നത് വരെ 5,00,000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-19 ബഡ്സ് സ്കൂൾ - വാഹന ഡ്രൈവർക്ക് അധിക വേതനം നൽകി

പ്രോജക്റ്റ് : 127/23 ബഡ്സ് സ്കൂൾ ടീച്ചർ, ആയ , ഡ്രൈവർ -വേതനം, വാഹനത്തിന്റെ ഇന്ധനചെലവ്

അടങ്കൽ : ₹3,00,000 (Plan Fund)+ ₹440000 ( Own Fund)

ചെലവ് തുക : ₹3,00,000 (Plan Fund)+ ₹3,99,163 ( Own Fund)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച മേൽ പദ്ധതി പ്രകാരം 01.07.2022 മുതൽ പ്രവർത്തനം ആരംഭിച്ച ബഡ്സ് സ്കൂളിലേക്ക് നിയമിച്ച ടീച്ചർ, ആയ, ഡ്രൈവർ എന്നിവർക്ക് വേതനം നൽകിയിട്ടുണ്ട്. വാഹന ഡ്രൈവർക്ക് മാസത്തിൽ ₹20,065 രൂപയാണ് നൽകുന്നത്. ജില്ലാ പഞ്ചായത്ത് നൽകിയ വാഹനമാണ് പഞ്ചായത്ത് ബഡ്സ് സ്കൂളിനായി ഉപയോഗിക്കുന്നത്. ടി വാഹനത്തിനായുള്ള ഇന്ധനചെലവ് മേൽ പ്രോജക്റ്റിൽ നിന്നാണ് വഹിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ബഡ്സ് സ്കൂളിന്റെ ടീച്ചർ, ആയ എന്നിവരുടെ വേതനം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഡ്രൈവറെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടില്ല. ആയതിനാൽ തന്നെ ഡ്രൈവറെ ദിവസവേതനാടിസ്ഥാനത്തിലാണ് നിയമിക്കാനാവുന്നതെന്ന് കാണുന്നു. നിലവിലെ നിരക്കനുസരിച്ച് @730ആണ് ദിവസവേതന നിരക്കിൽ നൽകാനാവുക. എന്നാൽ ഇത്തരത്തിൽ തുക അധികം നൽകുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/2022-23/14.09.2023) മാർഗ്ഗരേഖയിൽ ബഡ്സ് സ്കൂളിന് വാഹനം വാടകക്കെടുക്കുന്നതിനാണ് നിർദ്ദേശമുള്ളതെന്നും എന്നാൽ ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിച്ച വാഹനം നിലവിലുള്ളതിനാൽ കരാറടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിക്കുകയാണ് ചെയ്തതെന്നും മറുപടി നൽകി. ബഡ്സ് സ്കൂളിലെ കുട്ടികൾ പ്രത്യേക പരിഗണന നൽകേണ്ടവരായതിനാൽ സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാർക്കും കുട്ടികളുടെ കാര്യത്തിൽ ശ്രദ്ധയും ഉത്തരവാദിത്തവും വേണമെന്ന് പ്രോജക്റ്റ് രൂപീകരണ വേളയിൽ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശം വന്നത് കൊണ്ടാണ് വാഹനത്തിന്റെ അറ്റകുറ്റപ്പണികളും ഇന്ധനച്ചെലവും പഞ്ചായത്ത് വഹിക്കുന്നതിനും ഡ്രൈവറെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനും ഭരണസമിതി തീരുമാനിച്ചതെന്ന മറുപടി നൽകി. എന്നാൽ സാമൂഹ്യ നീതി വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്, ഡ്രൈവറുടെ നിയമനം സംബന്ധിച്ച ഫയൽ, ഭരണ സമിതി തീരുമാനം എന്നിവ പരിശോധിച്ചതിൽ ഡ്രൈവറെ കരാറടിസ്ഥാനത്തിൽ നിയമിക്കണമെന്ന നിർദ്ദേശം/ തീരുമാനം എന്നിവയൊന്നും ഇല്ല എന്ന് വ്യക്തമായി . ദിവസവേതനാടിസ്ഥാനത്തിൽ വേതനം നൽകുന്നതിനു പകരം കരാറടിസ്ഥാനത്തിൽ മാസത്തിൽ ₹20065 രൂപ നൽകുക വഴി അധികം ചെലവഴിച്ച തുക( ₹58675രൂപ ) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഖണ്ഡിക 3.1 കാണുക

## 1-20 സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി കൃഷി നടീൽ ഉൽപന്നങ്ങൾ വാങ്ങി

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ പ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി.28.05.2022 ഖ.6.1.4 പ്രകാരം കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK, വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ എന്നിവയിൽ നിന്നുമാണ് ഗുണമേന്മ ഉറപ്പാക്കി യഥാർത്ഥ വില നൽകി ടെണ്ടർ കൂടാതെ വാങ്ങാവുന്നത്. കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമം പാലിച്ചാണ് വിവിധ വിത്തുകൾ തൈകൾ എന്നിവ വാങ്ങൽ നടത്തേണ്ടത്.

2022-23 വർഷത്തിൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന പ്രൊജക്റ്റുകൾ പ്രകാരമുള്ള വാങ്ങലുകൾ മേൽ നിർദ്ദേശത്തിന് വിരുദ്ധമായാണ് നടത്തിയത്.

വിശദ വിവരം താഴെ നൽകുന്നു.

| പ്രൊജക്റ്റ് | വാങ്ങലിന്റെ വിവരം | ചെലവ് | കുറിപ്പ് |
|---|---|---|---|
| റഗുലർ ഫാമിംഗ് പാഡി (73/23)<br>ഫണ്ട് - പ്ലാൻ ഫണ്ട് | പൊൻമണി നെൽ വിത്ത്<br>1920 Kg @41/kg | 78720<br>(22152052001001065086/ 19.01.2023) | പാലക്കോട് പാടശേഖര നെല്ലുല്പാദക സമിതി എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി. (ബിൽ തീയതി, 20-07-2022)<br>വാങ്ങൽ നടപടിക്രമം പാലിച്ചതായി കാണുന്നില്ല. |
| ഞങ്ങളും കൃഷിയിലേക്ക് ഫ്രൂട്ട് പ്ലാന്റ് വിതരണം ( 124/23)<br>ഫണ്ട് - പ്ലാൻ ഫണ്ട് | ടിഷ്യുവാഴകന്ന് (തേനി നേന്ത്രൻ)<br>3300 Nos @ 25/no | 82500<br>(22152052001000896505/ 12.12.2022) | AR NAGAR ECOSHOP എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി. (ബിൽ തീയതി, 28-12-2022)<br>വാങ്ങൽ നടപടിക്രമം പാലിച്ചതായി കാണുന്നില്ല. |

വാങ്ങലിലെ മേൽ പരാമർശിക്കപ്പെട്ട അപാകതകൾ വ്യക്തമാക്കി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 14/15.09.2023 ) പാലക്കോട് പാടശേഖര സമിതി എന്ന സ്ഥാപനം കൃഷി വകുപ്പിന്റെ അംഗീകൃത സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റ് ആണ് എന്നും, സബ്സിഡി മാർഗ്ഗരേഖ പ്രകാരം വാഴ തൈകൾ കൃഷിഭവൻ / എക്കോഷോപ്പ് വഴി വിതരണം ചെയ്യാൻ നിർദ്ദേശിച്ചതിനാലാണ് AR നഗർ എക്കോഷോപ്പിൽ നിന്ന് വാങ്ങൽ നടത്തിയത് എന്നുമാണ് മറുപടി ലഭ്യമാക്കിയത്.

പാലക്കോട് പാടശേഖര സമിതി എന്ന സ്ഥാപനം കൃഷി വകുപ്പിന്റെ അംഗീകൃത സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റ് ആണ് എന്നതിന് രേഖ പരിശോധനക്ക് ഹാജരാക്കാത്തതിനാലും, തൈകൾ എക്കോഷോപ്പ് വഴി നേരിട്ട് വാങ്ങുന്നതിനല്ല വിതരണം ചെയ്യുന്നതിന് മാത്രമാണ് സബ്സിഡി മാർഗ്ഗരേഖയിൽ അനുമതി നൽകിയത് എന്നതിനാലും മേൽ മറുപടി അംഗീകരിക്കുവാൻ സാധിക്കുകയില്ല.

സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങൽ നടത്തിയതിന് ചെലവഴിച്ച ₹161220 ചെലവ് തടസ്സം ചെയ്യുന്നു. മേൽ വാങ്ങലുകൾ സാധൂകരിക്കുന്നതിനുള്ള സർക്കാർ ഉത്തരവുകൾ പരിശോധനക്ക് ഹാജരാക്കുകയോ, സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങലിന് സർക്കാരിൽ നിന്ന് സാധൂകരണം നേടുകയോ ചെയ്യേണ്ടതാണ്.

## 1-21 സർക്കാർ ഉത്തരവ് പാലിക്കാതെ SIDCO യിൽ നിന്നു സാധനങ്ങൾ വാങ്ങി

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചു മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

GO(RT) 33/2021/SPD Dt 22.11.2021 നം ഉത്തരവ് പ്രകാരം 14.11.2021 മുതൽ ഒരു വർഷത്തേക്കും ,GO(RT) 97/2022/SPD Dt 23.12.2022 ഉത്തരവ് പ്രകാരം 23.12.2022 മുതൽ ഒരു വർഷത്തേക്കും SIDCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ ഖണ്ഡിക 4, 3 പ്രകാരം " മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി 2022-23 വർഷത്തിൽ നടപ്പാക്കിയ സർക്കാർ സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ ( 128/23 ) പ്രൊജക്ട് പ്രകാരം SIDCOയിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങിയ സാധനങ്ങൾ ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുമതിയുള്ളവയല്ല എന്ന് കാണുന്നു.

| പ്രൊജക്ട് | വാങ്ങിയ സാധനങ്ങൾ | നികുതി ഉൾപ്പെടാത്ത വില | കുറിപ്പ് |
|---|---|---|---|
| സർക്കാർ സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ ( 128/23 )<br>ചെലവ് -₹ 279896<br>BRN 221520520051008855 / 08.12.2022<br>ഫണ്ട്-മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | Steel Table With Pre Laminated Board Top, One Drawer And One Cupboard, 90x60x75 Cm (4 Nos @ 3985/ No) | 15940 | Order No SMCMJRI/PI /22-23/360 Dt 21.10.2022<br>Inv No MJRI /22-23/111 Dt 6.12.2022 ₹ 279896 |
| | Chair - Classroom Teachers Chair (8 Nos @ 1800/ No) | 14400 | |
| | Steel Cabinet With3 Fixed Shelves 120x76x43 Cm Powder Coated Finishing Type Paint (6 Nos @ 6710/ No) | 40260 | |
| | Steel Frame Bench With Rubwood Top 180x30x35 Cm (25 Nos @ 3056/ No) | 76400 | |
| | Steel Frame Bench With Rubwood Top 180x40x65 Cm (25 Nos @ 3608/ No) | 90200 | |

ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുമതിയില്ലാത്ത വാങ്ങിയത് പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയരിക്ക് ( 11/ 14.09.2023 ) മറ്റോരു ഏജൻസിയായ ആർട്ട്കോ യിലെക്കാൾ വിലക്കുറവ് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഫർണിച്ചർ പെട്ടന്ന് ലഭ്യമാക്കുന്നതിനാണ് ഇത്തരത്തിൽ വാങ്ങൽ നടത്തിയത് എന്നാണ് നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്. മേൽ മറുപടി അംഗീകരിക്കാനാവില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടത്തിയതിനാൽ ഈ ഇനത്തിലെ ചെലവ് ₹279896 തടസ്സം ചെയ്യുന്നു. പ്രൊജക്ട് നടത്തിപ്പിലെ മേൽ അപാകതകൾക്ക് സർക്കാറിൽ നിന്ന് സാധൂകരണം നേടി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 കമ്പ്യൂട്ടർ വാങ്ങൽ-സ്റ്റോക്കിലെടുത്ത വിവരം രേഖപ്പെടുത്തിയില്ല.

പ്രൊജക്ട് നം.183/23 - ഹോമിയോ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ (MG-NR)

ബിൽ നം. 2/22-23/27-1-2023 Rs. 48,276

ഈ പ്രൊജക്ട് പ്രകാരം ലാപ്ടോപ്പ് വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി. മിഷന് മുൻകൂർ നൽകിയതിന്റെ അടിസ്ഥാനത്തിൽ ലാപ്ടോപ്പ് ലഭിച്ചതിന്റെ ഡെലിവറി ചലാൻ (Delivery Chalan No. 10427/ITP/22-23 Dt. 28-3-23) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ആയത് സ്റ്റോക്കിലെടുത്തതിന്റെ വിവരം ഡെലിവറി ചലാനിലോ മറ്റോ രേഖപ്പെടുത്തിയിട്ടില്ല.

ലാപ്ടോപ്പിന് നമ്പർ നൽകി ആയത് സ്റ്റോക്കിലെടുത്ത വിവരം ഡെലിവറി ചലാനിൽ രേഖപ്പെടുത്തി അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/13-9-2023 ക്ക് ലഭ്യമാക്കിയ മറുപടിയിൽ (No. MO 39/2023/GHDU Dt. 18-09-2023), ആയത് AHIMS സോഫ്റ്റ്‌വെയറിൽ 10D32/EE-CO-LC/1 നമ്പരായി ചേർത്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഡെലിവറി ചലാനിൽ രേഖപ്പെടുത്തി കാണിക്കുകയും ചെയ്തിട്ടുണ്ട്.
ഇത്തരം അപാകതകൾ ഉണ്ടാകാതെ, സ്റ്റോക്ക് വിവരം യഥാസമയം രേഖപ്പെടുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ 2022-23 ൽ നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I) പ്രവൃത്തികൾ നടത്തിപ്പ്

2022-23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 133 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 78 പ്രൊജക്ടുകളിലായി ആകെ 22277591 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 133 | ആകെ അടങ്കൽ | 40496306 |
| നടപ്പിലാക്കിയത് | 55 | ചെലവ് | 22277591 |
| ശതമാനം | 41.35 | ചെലവ് ശതമാനം | 55.01% |

II-റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല .

പദ്ധതിയുടെ ഭാഗമായി റോഡ് കണക്റ്റിവിറ്റി മാപ്പ്, റോഡ് കണക്റ്റിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. ആയതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചുവെങ്കിലും പൂർത്തീകരിച്ചിട്ടില്ല.

III- ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല .

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

IV) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

V) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല .

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവിധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് എഞ്ചിനിയറിംഗ് ഓഫീസിൽ ഇവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.

പ്രൊജക്റ്റ് രജിസ്റ്റർ , ടെണ്ടർ ഫോറം ഇഷ്യു രജിസ്റ്റർ, തുടങ്ങിയ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ക്യാഷ് ബുക്ക് - പൊതു അപാകതകൾ

കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1. കാഷ്ബുക്ക് പ്രതിദിന, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.

2. വരവുകൾ കൃത്യമായി ക്യാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

3.അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക്, ട്രഷറി അക്കൗണ്ടുകളിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.

അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/22-23/16.09.2023) നിലവിൽ അസി. എഞ്ചിനീയറുടെ ഓഫീസിലെ ജോലി ഭാരം കൂടുതലായതും ആയതിന് ആനുപാതികമായി സ്റ്റാഫ് ഇല്ലാത്തതിനാലുമാണ് ക്യാഷ് ബുക്ക് നിശ്ചിത രൂപത്തിൽ എഴുതാൻ കഴിയാതിരുന്നതെന്നും ഇനി മുതൽ കൃത്യമായി എഴുതുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും മറുപടി നൽകി. കാഷ്ബുക്കിലെ മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് കാഷ്ബുക്ക് എഴുതി പൂർത്തീകരിച്ച് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-25 റോഡ് കണക്റ്റീവിറ്റി മാപ്പ് - പ്രവർത്തനം പൂർത്തീകരിച്ചില്ല

പ്രോജക്റ്റ് : 224/23 റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ

അടങ്കൽ : ₹51,000 ( Own Fund)

ചെലവ് തുക : ₹20,720 ( Own Fund) (വൗച്ചർ നമ്പർ 22200853/31.03.2023)

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് സൈനുദ്ദീൻ വള്ളിക്കാടൻ, മബ്റൂക്ക്.കെ എന്നിവർക്ക് നവംബർ ഡിസംബർ മാസങ്ങളിലായി 740 രൂപ ദിവസവേതന നിരക്കിൽ യഥാക്രമം ₹12,580, ₹8,140 എന്നിങ്ങനെ ദിവസ

വേതനം നൽകിയതിന്റെ രേഖകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.ടിയാളുകൾ നിർവ്വഹിച്ച പ്രവൃത്തി എന്താണെന്നതു ഫയലിൽ നിന്നും വ്യക്തമല്ല. ആയതിന്റെ രേഖകൾ, പഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി മാപ്പ് പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയത് എന്നിവ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/2022-23 /15.09.2023)പഞ്ചായത്തിലെ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുള്ള പദ്ധതിയുടെ ഒന്നാം ഘട്ടമായ റോഡുകളുടേയും മറ്റ് അനുബന്ധ നിർമ്മാണങ്ങളുടേയും നേരിട്ട് സ്ഥല പരിശോധന നടത്തി ട്രാക്ക് ചെയ്യുന്ന പ്രവൃത്തിയാണ് നിലവിൽ പൂർത്തീകരിച്ചതെന്നും തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.
റോഡ് കണക്ടിവിറ്റി മാപ്പ് പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-26 ഹാർഡ് റോക്ക് എസ്കവേഷൻ - പൊളിച്ചെടുത്ത പാറ ഉപയോഗപ്പെടുത്തിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കരിയാരം നെടിയാരം റോഡ് പുനരുദ്ധാരണം ( 48/23) എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 1 പ്രകാരം ഹാർഡ് റോക്ക് പൊളിച്ചെടുത്തതിന് MoRD സ്പെസിഫിക്കേഷൻ കോഡ് 3.9.2B പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ ഡാറ്റ അനുസരിച്ച് പ്രവൃത്തി ചെയ്യുമ്പോൾ പൊളിച്ചെടുക്കുന്ന പാറയുടെ 50% പുനരുപയോഗത്തിന് അനുയോജ്യമായ രീതിയിൽ ആവേണ്ടതുണ്ട്. അപ്രകാരം പൊളിച്ചെടുക്കുന്നതിനായി ഡാറ്റയിൽ പ്രത്യേ നിരക്ക് അനുവദിച്ചിട്ടുമുണ്ട്. കൂടാതെ ലഭ്യമാകുന്ന പാറ 1 കിലോ മീറ്റർ അകലെ സ്റ്റാക്ക് ചെയ്യുന്നതിന് പ്രത്യേക നിരക്കും ഡാറ്റയിൽ അനുവദിച്ച് നൽകുന്നുണ്ട്. ഈ പ്രവൃത്തിയിൽ പൊട്ടിച്ചെടുത്ത പാറ സ്റ്റാക്ക് ചെയ്തിട്ടുണ്ടെങ്കിലും ഇത് റോഡിലെ താഴ്ന്ന ഭാഗങ്ങളിൽ വിതറിയിരിക്കുകയാണെന്നാണ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. (പേജ് 1 Of M Book No 114/2021-22).

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം പൊട്ടിച്ചെടുത്ത പാറയുടെ 50% ഉപയോഗത്തിന് അനുയോജ്യമാണ് എന്ന കണക്കിൽ പണം അനുവദിച്ചിട്ടും ലഭിച്ച പാറ റോഡിലെ താഴ്ന്ന ഭാഗം ഫിൽ ചെയ്യുന്നതിന് ഉപയോഗിച്ചതിലെ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/13.09.2023 ) താഴ്ന്ന ഭാഗം ഫിൽ ചെയ്യുന്നതിന് Crushed Rock Material ഉപയോഗിക്കേണ്ടത് അനിവാര്യമായതിനാലാണ് ഇത് ലെവലിംഗിന് ഉപയോഗിച്ചത് എന്നുമാണ് മറുപടി ലഭ്യമാക്കിയത്.

ഉപയോഗത്തിന് അനുയോജ്യമായ പാറ ലഭിച്ചാൽ അത് ലഭിക്കുന്ന അളവിനനുസൃതമായി മാത്രം ക്രെഡിറ്റ് അനുവദിക്കുന്നതിനാണ് ഡാറ്റയിൽ നിർദ്ദേശിച്ചിട്ടുള്ളത് (മോർഡ് ഡാറ്റ 3.9.2B യുടെ കുറിപ്പ് കാണുക). ഇങ്ങനെ ഉപയോഗത്തിന് അനുയോജ്യമായ രീതിയിൽ പാറ ലഭ്യമാക്കുന്നതിനാണ് പാറ പൊട്ടിക്കുന്നതിനുള്ള നിരക്കിന് പുറമെ ഉപയോഗ യോഗ്യമായ പാറക്ക് പ്രത്യേക നിരക്ക് കരാറുകാരന് അനുവദിച്ച് നൽകുന്നത്. ഇങ്ങനെ ലഭിക്കുന്ന പാറ എസ്റ്റിമേറ്റ് പ്രകാരം അതേ പ്രവൃത്തിയിൽത്തന്നെ ഉപയോഗിക്കുകയോ സ്റ്റാക്ക് ചെയ്ത് സൂക്ഷിച്ച ശേഷം മറ്റ് പ്രവൃത്തികൾക്ക് രേഖാമൂലം ഇഷ്യൂ ചെയ്യുകയോ ചെയ്യാവുന്നതാണ്.

ഈ പ്രവൃത്തിയിൽ ലഭിച്ചതായി രേഖപ്പെടുത്തിയ ഉപയോഗ്യ യോഗ്യമായ പാറ എസ്റ്റിമേറ്റ് പ്രകാരമല്ല ഉപയോഗിച്ചത്. പഞ്ചായത്ത് പ്രത്യേകം പണം നൽകിയ പാറ എസ്റ്റിമേറ്റ് പ്രകാരമല്ലാതെ ഉപയോഗിച്ചത് ക്രമപ്രകാരമല്ല. എഞ്ചിനീയറുടെ മറുപടി താത്കാലികമായ അംഗീകരിക്കുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ചീഫ് എഞ്ചിനിയറുടെ നിർദ്ദേശത്തിന് വിരുദ്ധമായി എസ്റ്റിമേറ്റ് തയ്യാറാക്കി

വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഏകീകൃത സ്വഭാവം ഉണ്ടാക്കുന്നതിന് വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ LID&EW ചീഫ് എഞ്ചിനിയറുടെ 05.04.2021ലെ DB1/3727/2021/CE/LSGD നം സർക്കുലർ പ്രവകാരം വിവിധ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

മേൽ സർക്കുലർ പ്രകാരം ഓടകൾ നിർമ്മിക്കുമ്പോൾ Bed Concrete 10 Cm കനത്തിൽ നിർമ്മിക്കുന്നതിനാണ് നിർദ്ദേശം നൽകിയത്. മേൽ നിർദ്ദേശത്തിന് വിരുദ്ധമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന എങ്കിൽ കാരണം എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

2022-23 ൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ മുത്തപ്പൻ അമ്പ്രക്കോട് റോഡ് ഡ്രൈനേജ് പുനരുദ്ധാരണം ( 13/23 , Price ID 13205/2022 ) എന്ന പ്രവൃത്തിയിൽ ഡ്രൈനേജ് ബെഡ് കോൺക്രീറ്റിന് 15 Cm കനം അനുവദിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് (എസ്റ്റിമേറ്റ് ഇനം 2). ഇതിന് മുകളിൽ 5 Cm കനത്തിൽ വിയറിംഗ് കോട്ടും നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ബെഡ് കോൺക്രീറ്റിന് ഉയർന്ന കനം അനുവദിച്ച് നൽകിയതിന് കാരണം എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കുകയും ചെയ്തിട്ടില്ല.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/13.09.2023) പ്രവൃത്തി നടത്തിയ സ്ഥലം വെള്ളക്കെട്ടുള്ള സ്ഥമായതിനാൽ ഉയർന്ന കനത്തിൽ ബെഡ് കോൺക്രീറ്റ് ചെയ്യേണ്ടത് ആവശ്യമായതിനാലാണ് അത്തരത്തിൽ പ്രവൃത്തി നടത്തിയത് എന്നും ഇക്കാര്യം എസ്റ്റിമേറ്റിപ്പോർട്ടിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണ് എന്നുമാണ് മറുപടി ലഭ്യമാക്കിയത്.

പ്രവൃത്തി നടപ്പാക്കുമ്പോൾ അത് സംബന്ധിച്ച ടെക്നിക്കൽ നിർദ്ദേശങ്ങൾ പാലിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ഡ്രൈവറുടെ യാത്രാബത്ത- അധികം നൽകി

ചെക്ക് നം : 698305/ 03.8.22 : 38,843/-

: 590936/ 22.12.22 : 45,731/-

2021 ജൂലായ് മുതൽ 2022 ഓഗസ്റ്റ് വരെയുള്ള മാസങ്ങളിലെ യാത്രാബത്ത അസിസ്റ്റന്റ് സെക്രട്ടറി മുതലുള്ള

ജീവനക്കാർക്ക് മേൽ ചെക്കുകൾ പ്രകാരം നൽകിയിട്ടുണ്ട്. 18.8.2018 ലെ 78/2018/ധന നമ്പർ സർക്കുലർ പ്രകാരം സർക്കാർ വാഹനം ഉപയോഗിച്ച് യാത്ര ചെയ്യുന്ന വേളയിൽ യാത്രാബത്തയിൽ 50% പരിധി നിശ്ചയിച്ചത് ഡ്രൈവർക്കും പൂർണ്ണമായി ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (പ്രതിമാസ/ത്രൈമാസ പരിധി ഉൾപ്പെടെ). പ്രസ്തുത സർക്കുലർ നിർദ്ദേശത്തിന് വിരുദ്ധമായി പൂർണ്ണനിരക്കിലാണ് ഡ്രൈവർക്ക് യാത്രാബത്ത(17630) നൽകിയിട്ടുള്ളത്. (യാത്രാദിനം @350/- + പ്രതിമാസ/ത്രൈമാസ പരിധി 50% പരിഗണിക്കാതെയും)

| യാത്ര ചെയ്ത മാസം | ആകെ യാത്രാ ദിനം | നൽകിയ ബത്ത | അർഹമായത് (സീലിംഗിന് വിധേയമായി) | അധികം നൽകിയത് |
|---|---|---|---|---|
| ജൂലൈ/2021 | 06 | 1380 | 690 | 690 |
| ഓഗസ്റ്റ്/2021 | 06 | 1380 | 690 | 690 |
| സെപ്തംബർ/2021 | 05 | 1730 | 690 | 1040 |
| ഒക്ടോബർ/2021 | 05* | 1380 | 690 | 690 |
| നവംബർ/2021 | 07 | 2080 | 690 | 1390 |
| ഡിസംബർ/2021 | 03 | 1050 | 525 | 525 |
| മാർച്ച്/2022 | 06 | 1380 | 690 | 690 |
| ഏപ്രിൽ/2022 | 07 | 1380 | 690 | 690 |
| മെയ്/2022 | 06 | 1380 | 690 | 690 |
| ജൂൺ/2022 | 08 | 1730 | 690 | 1040 |
| ജൂലൈ/2022 | 05 | 1380 | 690 | 690 |
| ഓഗസ്റ്റ്/2022 | 05 | 1380 | 690 | 690 |
| ആകെ | | 17630 | 8115 | 9515 |

കുറിപ്പ്: *2021ഒക്ടോബർ22 ന് 2 യാത്രാ ബത്ത അനുവദിച്ചു.

സർക്കാർ നിർദ്ദേശം പാലിക്കാതെ പൂർണ്ണനിരക്കിൽ യാത്രാബത്ത നൽകാനിടയായത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 26/18-9-23) നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക 9515 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-29 ഹോമിയോ മരുന്ന വാങ്ങൽ-മുഴുവൻ തുകയ്ക്കുമുള്ള മരുന്ന ലഭിച്ചിട്ടില്ല.

1) പ്രൊജക്ട് നം.1/23 – ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ

ബിൽ നം. 1/22-23/31-10-2022 Rs. 3,00,000

പദ്ധതി പ്രകാരം മരുന്ന വാങ്ങുന്നതിനായി ഹോംകോയ്ക്ക് 3,00,000 രൂപ മുൻകൂർ നൽകിയതിൽ മുഴുവൻ തുകയ്ക്കുമുള്ള മരുന്ന ലഭിച്ചിട്ടില്ല. ലഭിച്ചവയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. | തുക |
|---|---|---|
| 1 | LF 284/16-6-23 | 1,24,840 |
| 2 | LF1 026/16-8-23 | 46,844 |
| 3 | LF 1486/31-12-22 | 88,248 |
| 4 | LF 1527/6-1-23 | 9,541 |
| | ആകെ | 2,69,473 |
| | മുൻകൂർ | 3,00,000 |
| | ബാക്കി | 30,527 |

ബാക്കി 30,527 രൂപയുടെ മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/13-9-2023 ക്ക് ലഭ്യമാക്കിയ മറുപടിയിൽ (No. MO 39/2023/GHDU Dt. 18-09-2023), ബാക്കി മരുന്നുകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.
മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബഡ്സ് സ്കൂൾ - വാഹന ഡ്രൈവർക്ക് അധിക വേതനം നൽകി

പ്രോജക്ട് : 127/23 ബഡ്സ് സ്കൂൾ ടീച്ചർ, ആയ, ഡ്രൈവർ -വേതനം, വാഹനത്തിന്റെ ഇന്ധനചെലവ്

അടങ്കൽ : ₹3,00,000 (Plan Fund)+ ₹440000 ( Own Fund)

ചെലവ് തുക : ₹3,00,000 (Plan Fund)+ ₹3,99,163 ( Own Fund)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച മേൽ പദ്ധതി പ്രകാരം 01.07.2022 മുതൽ പ്രവർത്തനം ആരംഭിച്ച ബഡ്സ് സ്കൂളിലേക്ക് നിയമിച്ച ടീച്ചർ, ആയ, ഡ്രൈവർ എന്നിവർക്ക് വേതനം നൽകിയിട്ടുണ്ട്. വാഹന ഡ്രൈവർക്ക് മാസത്തിൽ ₹20,065 രൂപയാണ് നൽകുന്നത്. ജില്ലാ പഞ്ചായത്ത് നൽകിയ വാഹനമാണ് പഞ്ചായത്ത് ബഡ്സ് സ്കൂളിനായി ഉപയോഗിക്കുന്നത്. ടി വാഹനത്തിനായുള്ള ഇന്ധനചെലവ് മേൽ പ്രോജക്ടിൽ നിന്നാണ് വഹിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ബഡ്സ് സ്കൂളിന്റെ ടീച്ചർ, ആയ എന്നിവരുടെ വേതനം നിശ്ചയിച്ച നൽകിയിട്ടുണ്ട്. എന്നാൽ ഡ്രൈവറെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടില്ല. ആയതിനാൽ തന്നെ ഡ്രൈവറെ ദിവസവേതനാടിസ്ഥാനത്തിലാണ് നിയമിക്കാനാവുന്നതെന്ന് കാണുന്നു. നിലവിലെ നിരക്കനുസരിച്ച് @730ആണ് ദിവസവേതന നിരക്കിൽ നൽകാനാവുക. സ്കൂളിലെ അറ്റൻഡൻസ് , വാഹനത്തിന്റെ ലോഗ് ബുക്ക് എന്നിവ പരിശോധിച്ചതിൽ നിന്നും ഡ്രൈവർക്ക് താഴെ പറയും പ്രകാരം അധിക വേതനം നൽകിയതായി കാണുന്നു.

| ക്രമ നമ്പർ | മാസം | നൽകിയ വേതനം | വൗച്ചർ നമ്പർ/ തിയ്യതി (തുക) | അറ്റൻഡൻസ് പ്രകാരം ഹാജരായ ദിവസങ്ങൾ | നൽകാവുന്ന വേതനം @730 | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | 07/2022, 08/2022 | 40130 | 22200324/ 05.09.2022 (40130) | 38 (19+19) | 27740 | 12390 |
| 2 | 09/2022, 10/2022, 11/2022 | 60195 | 22200507/ 20.12.2022 (60195) | 52 (15+17+20) | 37960 | 22235 |
| 3 | 12/2022 | 20065 | 22200572/ 21.01.2023 (20065) | 17 | 12410 | 7655 |
| 4 | 01/2023 | 20065 | 22200687/ 28.02.2023 (20065) | 20 | 14600 | 5465 |
| 5 | 02/2023 | 20065 | 22200783/ 20.03.2023 (71015) | 20 | 14600 | 5465 |
| 6 | 03/2023 | 20065 | 22200843/ 31.03.2023 (40647) | 20 | 14600 | 5465 |
| | | | | | 121910 | 58675 |

ഇത്തരത്തിൽ തുക അധികം നൽകുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 10/2022-23/14.09.2023) മാർഗ്ഗരേഖയിൽ ബഡ്സ് സ്കൂളിന് വാഹനം വാടകക്കെടുക്കുന്നതിനാണ് നിർദ്ദേശമുള്ളതെന്നും എന്നാൽ ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിച്ച വാഹനം നിലവിലുള്ളതിനാൽ കരാറടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിക്കുകയാണ് ചെയ്തതെന്നും മറുപടി നൽകി. ബഡ്സ് സ്കൂളിലെ കുട്ടികൾ പ്രത്യേക പരിഗണന നൽകേണ്ടവരായതിനാൽ സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാർക്കും കുട്ടികളുടെ കാര്യത്തിൽ ശ്രദ്ധയും ഉത്തരവാദിത്തവും വേണമെന്ന് പ്രോജക്ട് രൂപീകരണ വേളയിൽ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശം വന്നത് കൊണ്ടാണ് വാഹനത്തിന്റെ അറ്റകുറ്റപ്പണികളും ഇന്ധനച്ചെലവും പഞ്ചായത്ത് വഹിക്കുന്നതിനും ഡ്രൈവറെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനും ഭരണസമിതി തീരുമാനിച്ചതെന്ന മറുപടി നൽകി. എന്നാൽ സാമൂഹ്യ നീതി വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്,

ഡ്രൈവറുടെ നിയമനം സംബന്ധിച്ച ഫയൽ, ഭരണ സമിതി തീരുമാനം എന്നിവ പരിശോധിച്ചതിൽ ഡ്രൈവറെ കരാറടിസ്ഥാനത്തിൽ നിയമിക്കണമെന്ന നിർദ്ദേശം/തീരുമാനം എന്നിവയൊന്നും ഇല്ല എന്ന് വ്യക്തമായി . ദിവസവേതനാടിസ്ഥാനത്തിൽ വേതനം നൽകുന്നതിനു പകരം കരാറടിസ്ഥാനത്തിൽ മാസത്തിൽ ₹20065 രൂപ നൽകുക വഴി അധികം ചെലവഴിച്ച തുക 58,675/- ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി. | സർട്ടിഫിക്കറ്റ് നമ്പർ/തീയതി. |
|---|---|---|
| 2022-23 | 11.09.2023 മുതൽ 18.09.2023 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 5,80,000 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി - 40/23 | 5,80,000 | 0 |
| ജില്ലാ പഞ്ചായത്ത് | 4,00,000 | ലൈഫ് മിഷൻ ഭവന പദ്ധതി (SC) – 38/23 | 4,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2,00,000 | ഭിന്നശേഷി സ്കോളർഷിപ്പ്. – 189/23 | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 22,00,000 | ലൈഫ് മിഷൻ ഭവന പദ്ധതി (SC) – 221/23 | 22,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 6,00,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 189/23 | 6,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1525615 | ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) – 40/23 | 1525615 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 145848 | നെൽകൃഷി വികസനം - 73/23 | 145848 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 562169 | പരിരക്ഷ പദ്ധതി - 03/23 | 562169 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | നിലാവ് പദ്ധതി സ്ട്രീറ്റ് ലെയിൻ വലിക്കലും കൺട്രോൾ യൂണിറ്റ് സ്ഥാപിക്കലും . | RB11892246600031/08.07.22 | 400000 | 400000 | പൂർത്തീകരിച്ചു. | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന | GO(MS)68/2018 /LSGD/ 18.05.18 | 17,40,000 | 2683404 | 1652581 | 0 | 2770823 |

| പദ്ധതി | | | | | | |
|---|---|---|---|---|---|---|

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തീയതി |
|---|---|---|---|
| 2001-02 | 3-2 | ശ്രീമതി. സത്യവതി | 1220101020/18-7-2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-27 | 2011-12 | 3.2.7 | റോഡ് അവലോകനം. ആസ്തി രജിസ്റ്റർ പൂർണ്ണമായി സൂക്ഷിച്ചിട്ടില്ല | നിയമസഭാ സമിതിയുടെ പരിഗണ നയിലാണ്. |
| 2013-14, 2014-15 | 2-1 | 2016-17 | അനുബന്ധം 4,5 | വ്യാപാര സ്ഥാപനത്തിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല | ,, |
| 2013-14, 2014-15 | 2-2 | 2016-17 | അനുബന്ധം 4,5 | പാരലൽ കോളേജ്, റേഷൻ കട, സ്വകാര്യ ലാബ് എന്നിവയിലെ ജീവനക്കാരുടെ പേര് വിവരം ലഭ്യമല്ല. | ,, |
| 2019-20 | 1-23 | 2020-21 | അനുബന്ധം 2 | മരുന്ന് ലഭ്യമായില്ല. | ,, |
| 2020-21 | 1-18 | 2021-22 | | വസ്തുനികുതി | ,, |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടപടികളുടെ വിവരം

| ക്രമ നം | സ്ഥാപനം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | സർചാർജ്ജ്/ ചാർജ്ജ് വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | ഊരകം ഗ്രാ.പ | 1996-97 | | ശ്രീമതി.ഇ പി വിശാലാക്ഷി | LF 8682/ Sp.cell/SC-3/2000 /26.03.2002 | 300 (ചാർജ്ജ്) | | 300 | തുക അടവാക്കിയിട്ടില്ല. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 2 | | 1996-97 | 39,46,60 | ശ്രീമതി.ഇ പി വിശാലാക്ഷി | LF 8682/ Sp.cell/SC-3 /2000/26.03. 2002 | 3419 | | 3419 | തുക അടവാക്കിയിട്ടില്ല. |
| 3 | | 2000-01 | 3-19,3-21 | ശ്രീമതി. സത്യവതി | LF 690/ Sp.cell/SC-5/ 2008/07.03.2009 | 28747 | 28747 | | 11301400011 Dtd 20.03.2014 . Op 123/13 Allowed 14.02.2017 |
| 4 | | 2000-01 | 3-27 | ശ്രീ ഹരിരാജൻ കെ | LF 690/sp.cell /SC-5/ 2008/07.03. 2009 | 10000 | | 10000 | തുക അടവാക്കിയിട്ടില്ല. |
| 5 | | 2005-06 | 3-20 | ശ്രീമതി.എം കെ ജമീല, ഐ സി ഡി എസ് സൂപ്പർ വൈസർ | LF 22010/ Sp.cell/SCD1/ 2011/17.11.2012 | 11000 | | 11000 | തുക അടവാക്കിയിട്ടില്ല. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | 164821814 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 123929184 |
| വരവിനങ്ങളുടെ നഷ്ടം | 0 |
| ചെലവിനങ്ങളുടെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 58,675 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 33,81,222 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്ന | |
| 3-1 | | 58,675 | 12390-ശ്രീ.വിവേകാന്ദൻ,അസിസ്റ്റന്റ് സെക്രട്ടറി<br>46285-ശ്രീമതി.അഞ്ജന.വി.ബി,അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1407908 | ശ്രീ.മുഹമ്മദ് ഷൗക്കത്ത്.ടി,സെക്രട്ടറി |
| | 1032198 | ശ്രീമതി.നിസ്സി ജോൺ.സി.വൈ,സെക്രട്ടറി |
| 1-18 | 5,00,000 | ശ്രീമതി.ജംഷിദ ബേബി,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-20 | 161220 | 78720-മെഹറുന്നീസ,കൃഷി ഓഫീസർ<br>82500-ലീന.പി,കൃഷി ഓഫീസർ |
| 1-21 | 279896 | ശ്രീ.അനിൽ കുമാർ.കെ.ആർ,ഹെഡ് മാസ്റ്റർ |
| ആകെ | 3381222 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാറുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/നഷ്ടത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വിവേകാന്ദൻ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, എ.ആർ നഗർ ഗ്രാമ പഞ്ചായത്ത്. | ആലമ്പറ്റ, കാരാത്തോട്, ഊരകം, മേൽമുറി പി.ഒ, 676519, മലപ്പുറം-ജില്ല |
| ശ്രീമതി.അഞ്ജന.വി.ബി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ഊരകം ഗ്രാമപഞ്ചായത്ത്. | ചാലാറ്റിൽ ഹൗസ്, പന്തമംഗലം, കോട്ടക്കൽ പി.ഒ, 676503 മലപ്പുറം-ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1997-98 | എൽ.എഫ്.എം.10/1011/01 തീയതി, 19.04.2004/ 10.12.2004 | 31 |
| 2 | 1998-99 | കെ.എസ്.എ.എം.പി.എം.27/2112/2022(8) തീയതി, 21.11.2022 | 13 |
| 3 | 1999-00 | കെ.എസ്.എ.എം.പി.എം.27/2112/2022(9) തീയതി, 21.11.2022 | 6 |
| 4 | 2000-01 | കെ.എസ്.എ.എം.പി.എം.27/2112/2022(10) തീയതി, 21.11.2022 | 14 |
| 5 | 2001-02 | കെ.എസ്.എ.എം.പി.എം.27/2112/2022(11) തീയതി, 21.11.2022 | 7 |
| 6 | 2003-04 | കെ.എസ്.എ.എം.പി.എം.27/2112/2022(13) തീയതി, 21.11.2022 | 14 |
| 7 | 2004-05 | കെ.എസ്.എ.എം.പി.എം.27/2112/2022(14) തീയതി, 21.11.2022 | 5 |
| 8 | 2005-06 | കെ.എസ്.എ.എം.പി.എം.27/2112/2022(15) തീയതി, 21.11.2022 | 2 |
| 9 | 2006-07 | എൽ.എഫ്.എം.11/1229/14 തീയതി, 08.07.2014 | 23 |
| 10 | 2007-08 | കെ.എസ്.എ.എം.പി.എം.27/2112/2022(16) തീയതി, 21.11.2022 | 2 |
| 11 | 2008-09 | കെ.എസ്.എ.എം.പി.എം.27/2112/2022(17) തീയതി, 21.11.2022 | 8 |
| 12 | 2009-10 2010-11 | കെ.എസ്.എ.എം.പി.എം.27/2112/2022(18) തീയതി, 21.11.2022 | 3 |
| 13 | 2011-12 2012-13 | കെ.എസ്.എ.എം.പി.എം.11/435/15 തീയതി, 23.09.2015 | 21 |
| 14 | 2013-14 2014-15 | കെ.എസ്.എ.എം.പി.എം.27/1870/16 തീയതി, 09.01.2018 | 14 |

| | | | |
|---|---|---|---|
| 15 | 2015-16 | കെ.എസ്.എ.എം.പി.എം.27/3396/16 തീയതി, 26.03.2018 | 05 |
| 16 | 2016-17 | കെ.എസ്.എ.എം.പി.എം.27/1969/17 തീയതി, 03.10.2017 | 12 |
| 17 | 2017-18 | കെ.എസ്.എ.എം.പി.എം.27/1948/18 തീയതി, 16-2-2019 | 10 |
| 18 | 2018-19 | കെ.എസ്.എ.എം.പി.എം.27/1783/19 തീയതി, 11.05.2020 | 15 |
| 19 | 2019-20 | കെ.എസ്.എ.എം.പി.എം.27/916/21 തീയതി, 6-11-2021 | 11 |
| 20 | 2020-21 | കെ.എസ്.എ.എം.പി.എം.27/1249/22 തീയതി, 14.09.22 | 5 |
| 21 | 2021-22 | കെ.എസ്.എ.എം.പി.എം.27/2390/22 തീയതി, 30.12.22 | 22 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 01(01) dated 11-07-2023 and submitted on 13-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Oorakam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Oorakam Grama Panchayat for the year 2022-2023

Date: 31/10/2023

Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Oorakam Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit.
   i. Ratios.
   ii. Comparative amounts.
2. Cashflow Statement Net increase / decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3. Grant statement,ACR,AFS are not mached.
4. PDE(Past Data Entry) files are not produced for Verification.
5. The following register is not up to date and is not reliable for audit.
   i. Asset register.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്